Today, 12:03 pm

# നാടെങ്ങും വായനദിനാചരണം

deshabhimani
20.06.2021



**തൃശൂർ**

ഓൺലൈനായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആളുകളുടെ എണ്ണം പരിമിതപ്പെടുത്തിയും ജില്ലയിലെങ്ങും വായനദിനം ആചരിച്ചു.

വിവിധ സംഘടനകളുടെയും ലൈബ്രറികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവധ ഓൺലൈൻ മത്സര പരിപാടികൾ നടത്തിയാണ് ഇത്തവണ വായനദിനം ആചരിച്ചത്.

ജില്ല ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച വായനപക്ഷാചരണം ജില്ലാതല ഉദ്ഘാടനം പ്രൊഫ. സി രവീന്ദ്രനാഥ് നിർവഹിച്ചു.ജില്ലാ വൈസ് പ്രസിഡന്റ് കെ എൻ ഭരതൻ അധ്യക്ഷനായി. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സി അംഗം പി തങ്കം, ജില്ലാ ജോ. സെക്രട്ടറി വി മുരളി എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി വി കെ ഹാരിഫാബി സ്വാഗതവും കളരിപ്പറമ്പ് ഗ്രാമീണ വായനശാല സെക്രട്ടറി സിജിത്ത് നന്ദിയും പറഞ്ഞു.

കേരള കാർഷിക സർവകലാശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വായനവാരാചരണം മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്തു.

പി ബാലചന്ദ്രൻ എംഎൽഎ മുഖ്യ പ്രഭാഷണം നടത്തി.

ലൈബ്രറി ടെക്നോളജീസ് ഫോർ അക്കാദമിക് ഇൻക്ലൂഷൻ എന്ന പുസ്തകം പിഎസ്‌സി അംഗം ടി ആർ അനിൽകുമാർ പ്രകാശനം ചെയ്തു.

തൃശൂർ ഗവ. ചിൽഡ്രൻസ് ഹോമിൽ തൃശൂർ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻ ഡോ.വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു.

കേരളാ പൊലീസ് അക്കാദമി, ഇന്റഗ്രേറ്റഡ് പൊലീസ് റിക്രൂട്ട് ട്രെയിനിങ് സെന്റർ (ഐപിആർടിസി), പൊലീസ് ട്രെയിനിങ് കോളേജ്, സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ വായനദിനം സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു.

കവി മുരുകൻ കാട്ടാക്കട പങ്കെടുത്തു.ഐജി പി വിജയൻ അധ്യക്ഷനായി.